പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3075 | 22.02.2016 ൽ മറുപടിയ്ക്ക് |
|---|---|
| **അംഗൻവാടി ജീവനക്കാർക്ക് പെൻഷൻ** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.ബി.ഡി. ദേവസ്സി** | **ഡോ.എം.കെ.മുനീർ (ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) അംഗൻവാടി ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിച്ച് പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ നല്കുന്നതിനും ആരോഗ്യ സുരക്ഷാ പദ്ധതികൾ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) 30.04.2015 ന് റിട്ടയർ ചെയ്ത ചാലക്കുടി അഡീഷണൽ പ്രോജക്റ്റ് 1 ഐ.സി.ഡി. എസിലെ 5 അംഗൻവാടി വർക്കർമാർക്കും 3 ഹെൽപ്പർമാർക്കും ക്ഷേമനിധി ആനുകൂല്യങ്ങൾ ലഭിയ്ക്കുന്നതിനായി സമർപ്പിച്ച അപേക്ഷകളിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) ചാലക്കുടി അഡീഷണൽ ഐ.സി.ഡി.എസ് പ്രോജക്ടിൽ നിന്ന് വിരമിച്ച 5 അങ്കണവാടി വർക്കർമാരിൽ നിന്നും 3 അങ്കണവാടി ഹെൽപ്പർമാരിൽ നിന്നും ക്ഷേമനിധി ആനുകൂല്യങ്ങൾ ലഭിയ്ക്കുന്നതിനായുള്ള അപേക്ഷകൾ സാമൂഹ്യനീതി ഡയറക്ടേറ്റിൽ ലഭിച്ചിട്ടുണ്ട്. ഇതിൽ തുടർനടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) ഇവർക്കുള്ള ക്ഷേമനിധി ആനുകൂല്യങ്ങൾ അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) പെൻഷനും ആനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിനുള്ള നടപടി എടുത്തു വരുന്നു. |

സെക്ഷൻ ഓഫീസർ